## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3155 18/10/2016-ൽ മറുപടിക്ക്

### പമ്പാവാലി മേഖല കേന്ദ്രീകരിച്ച് ഇലക്ട്രിക്കൽ സെക്ഷനാഫീസ്

| | ചോദ്യം<br><br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br><br>ശ്രീ. കടകം പള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പെരുനാട് പഞ്ചായത്തിന്റെ കിഴക്കൻ മേഖലയായ നാറാണംതോട്, കിസുമം, പമ്പാവാലി, തുലാപ്പള്ളി, അറയാഞ്ഞിലിമണ്ണ് തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾ വൈദ്യുതി സംബന്ധമായ എല്ലാ കാര്യങ്ങൾക്കും ആശ്രയിക്കുന്നത് എരുമേലിയിലെ ഇലക്ട്രിക്കൽ സെക്ഷനാഫീസിനെ യാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വിസ്തൃതിയേറിയ പരിധിയുള്ള എരുമേലി സെക്ഷനാഫീസിന്റെ കിഴക്കൻ മേഖലയിലെ ഉപഭോക്താക്കൾക്ക് പ്രയോജനം ചെയ്യുംവിധം പമ്പാവാലിയോ കണമലയോ കേന്ദ്രീകരിച്ച് ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷനാഫീസ് ആരംഭിച്ചാൽ ജനങ്ങൾ ഇപ്പോൾ അനുഭവിച്ചു വരുന്ന ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി | നിലവിലുള്ള എരുമേലി ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് എരുമേലി സെക്ഷന്റെ കിഴക്കൻ മേഖലയിലെ പ്രദേശങ്ങൾ ഉൾപ്പെടുത്തി കണമല/ മുക്കൂട്ടുത്തറ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേ സമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. സെക്ഷൻ |
| (സി) | എങ്കിൽ എരുമേലി സെക്ഷന്റെ പമ്പാവാലി മേഖലയിൽ വരുന്ന ഉപഭോക്താക്കൾക്ക് പ്രയോജനം ചെയ്യുംവിധം ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷനാഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ എരുമേലി സെക്ഷന്റെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ അനുവദിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുനക്രമീകരണം പരിശോധിച്ചു വരികയാണ്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ